## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5694 18/11/2019-ൽ മറുപടിയ്ക്ക്**

## വാളയാറിലെ പെൺകുട്ടികളുടെ മരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര<br>,, എ.പി. അനിൽ കുമാർ<br>,, അൻവർ സാദത്ത്<br>,, വി.പി.സജീന്ദ്രൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) വാളയാറിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ടു പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിലെ പ്രതികൾക്ക് വേണ്ടി പാലക്കാട് ജില്ലാ ശിശുക്ഷേമ സമിതി അദ്ധ്യക്ഷൻ കോടതിയിൽ ഹാജരായിട്ടുണ്ടോ; | (എ) ഇത് സംബന്ധിച്ച് സർക്കാർ നിയമിച്ച പ്രത്യേക സമിതി അന്വേഷണം നടത്തി വരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത വ്യക്തിക്കെതിരെ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;<br>(സി) പ്രസ്തുത വ്യക്തിക്കെതിരെ ശിശു ക്ഷേമ വകുപ്പ് മറ്റേതെങ്കിലും കേസിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) യും (സി) യും പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. എൻ. രാജേഷ്, മെമ്പർ അഡ്വ. അപർണ എന്നിവർ കേരള മഹിളാ സമഖ്യ സൊസൈറ്റി മുഖേന പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വുമൺ & ചിൽഡ്രൻസ് ഹോമിൽ 13/03/2019 - ൽ സന്ദർശനം നടത്തവേ ഒരു കേസിലെ കുട്ടിയെപ്പറ്റി അന്വേഷിക്കുകയും ആ കേസിൽ പ്രതികൾക്ക് അനുകൂലമായി സംസാരിക്കുകയും ചെയ്തു എന്നും പിന്നീട് അന്വേഷണത്തിൽ കേസിൽ പ്രതികൾക്ക് വേണ്ടി ഹാജരായത് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സന്റെ ഓഫീസാണെന്നും അറിയാൻ സാധിച്ചതായും ഇത്തരം അംഗങ്ങളെ സർക്കാർ സംവിധാനത്തിന്റെ ഭാഗമാകുന്നത് അപകടകരമാണെന്നും സർക്കാരിന് പരാതി ലഭിക്കുകയുണ്ടായി .<br>ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന ശിശു |

വികസന വകുപ്പ് ഡയറക്ടറേയും സാമൂഹ്യനീതി വകുപ്പിലെ ജോയിന്റ് സെക്രട്ടറിയേയും ചുമതലപ്പെടുത്തി ഉത്തരവായി. പാലക്കാട് ജില്ലയിലെ വാളയാറിലെ 2 പെൺകുട്ടികൾ പീഡനത്തെ തുടർന്ന് തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട കേസിൽ പ്രതികൾക്ക് വേണ്ടി പാലക്കാട് CWC ചെയർപേഴ്സൺ അഡ്വ. എൻ. രാജേഷ്, ഹാജരായി എന്ന മാദ്ധ്യമ വാർത്തയെത്തുടർന്ന് ടി വിഷയവും അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുക-യുണ്ടായി.

ഈ അന്വേഷണ സംഘത്തിന്റെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അഡ്വ. എൻ. രാജേഷിനെ പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ, മെമ്പർ എന്നീ നിലകളിലുള്ള അധികാരങ്ങളും ചുമതലകളും നിർവഹിക്കുന്നതിൽ നിന്നും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ വിലക്ക് ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ